(ബി) ചെറുകിട വ്യവസായ മേഖലയുടെ തകർച്ചയോടെ സിഡ്കോയും വൻപ്രതിസന്ധി നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സിഡ്കോയുടെ പുനരുദ്ധാരണത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സർക്കാർ ശ്രമിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ചെറുകിട വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഇവർ നിർമ്മിക്കുന്നതും വിവിധ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ളതുമായ സാധന സാമഗ്രികൾ, സ്ഥാപനങ്ങളുടെ ആവശ്യാർത്ഥം സിഡ്കോ വഴി ചെറുകിട വ്യവസായികളിൽ നിന്ന് ശേഖരിച്ച് വിതരണം ചെയ്യുന്നതിനായി സംസ്ഥാന സ്റ്റോർ പർച്ചേഴ്സ് മാനുവലിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ സർക്കാർ സന്നദ്ധമാകുമോ?

ഉത്തരം

(എ) സിഡ്കോയിൽ ഇപ്പോൾ 312 സ്ഥിരം ജീവനക്കാരുണ്ട്.

(ബി) ഉണ്ട്.

(സി) സിഡ്കോയുടെ അധീനതയിലുള്ള ലാഭകരമാക്കാൻ സാധിക്കാത്ത നാല് ഉൽപ്പാദന യൂണിറ്റുകളിൻമേലുള്ള ഇ. ആർ. സി.-യുടെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ സംസ്ഥാനത്ത് വ്യവസായ വികസനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനായും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു സമീപനരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഈ സമീപനരേഖ അടിസ്ഥാനമാക്കിയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് ഈ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സിഡ്കോയിലെ നിയമനം

16 [3023] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ സിഡ്കോയിലെ നിയമനം ഏത് ഏജൻസിലൂടെയാണ് നടത്തുന്നത്;

(ബി) പി. എസ്. സി മുഖേന ഏറ്റവും ഒടുവിൽ നിയമനം നടന്നത് ഏത് വർഷമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർവ്വീസിൽനിന്ന് വിരമിച്ച ആളുകൾക്ക് സിഡ്കോയിൽ പുനർ നിയമനം നൽകാറുണ്ടോ; എങ്കിൽ ആരെയെല്ലാം ഏതുവർഷം ഏതെല്ലാം തസ്തികകളിൽ നിയമിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം എത്രയാളുകൾക്ക് റിട്ടയർമെന്റിനു ശേഷം പുനർനിയമനം നൽകിയിട്ടുണ്ട്; പേരും തസ്തികയുടെ പേരും വ്യക്തമാക്കാമോ?

ഉത്തരം

(എ) അടിസ്ഥാന ശമ്പളം 6675 രൂപവരെയുള്ള എല്ലാ തസ്തികകളിലേയ്ക്കുമുള്ള സ്ഥരനിയമനം പി. എസ്. സി. മുഖേനയാണ് നടത്തുന്നത്.

(ബി) 1998-ലാണ് ഏറ്റവും ഒടുവിൽ പി. എസ്. സി. മുഖേനനിയമനം നടത്തിയിട്ടുള്ളത്.

(സി ആന്റ് ഡി) പുനർ നിയമനം നൽകിയിട്ടില്ല. എന്നാൽ സിഡ്കോയുടെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത് കോർപ്പറേഷന്റെ സുഗമമായ നടത്തിപ്പിനായി സിഡ്കോയിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ഇവരുടെ പേരും തസ്തികയുടെ പേരും ഇപ്രകാരമാണ്.

1. ശ്രീ. ജി. സമ്പത്ത്—ചീഫ് എഞ്ചിനീയർ (10/2002 മുതൽ)
2. ശ്രീ. എം. ഉമ്മർകുട്ടി—അസിസ്റ്റന്റ് എഞ്ചിനീയർ (3/2004 മുതൽ)
3. ശ്രീ. ഇ. റ്റി. വർഗ്ഗീസ്—മാനേജർ ഇൻ ചാർജ്ജ് (6/2004 മുതൽ)

സിഡ്കോ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

17 [3024] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ സിഡ്കോയിലെ ജീവനക്കാരുടെ ശമ്പളം ഏറ്റവും ഒടുവിൽ പരിഷ്ക്കരിച്ചത് ഏതു വർഷമാണ്; ഇതിനുള്ള ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്; ഏതു തീയതിമുതലുള്ള ശമ്പളമാണ് പരിഷ്ക്കരിച്ചത്; പരിഷ്ക്കരിച്ച തോതിലുള്ള ശമ്പളം പണമായി ഏതു തീയതി മുതലാണ് നൽകി തുടങ്ങിയത് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly